# അസാധാരണ മിഷൻമാസ പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ ഏകജാതനായ ഈശോമിശിഹായുടെ മരണവും ഉയിർപ്പും ഞങ്ങൾ ഏറ്റു പറയുന്നു. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ.16:15) എന്ന് അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോട് കല്പിച്ചത് നന്ദിയോടെ ഞങ്ങളോർക്കുന്നു. മാമ്മോദീസായിലൂടെ സഭയുടെ പ്രേഷിത ദൗത്യത്തിൽ ഞങ്ങളേയും പങ്കുകാരാക്കിയതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. ധൈര്യത്തോടും തീക്ഷ്ണതയോടും കൂടെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കാൻ ഞങ്ങളെ ഉപകരണങ്ങളാക്കണമേ. അങ്ങ് സഭയെ ഭരമേല്പിച്ച പ്രേഷിത ദൗത്യം പൂർത്തീകരിക്കാൻ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ ശക്തിപ്പെടുത്തണമേ. അപ്രകാരം ഞങ്ങളെ ലോകത്തിന് ജീവനും വെളിച്ചവും ആക്കിത്തീർക്കണമേ. ഇശോയുടെ കരുണയും രക്ഷാകര സ്നേഹവും അനുഭവിക്കാൻ ഞങ്ങളേയും ലോകമെങ്ങുമുള്ള എല്ലാ ജനതകളേയും അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും, ആമ്മേൻ

1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## സീറോ മലബാർ സഭ

# അസാധാരണ മിഷൻ മാസം

(ഒക്ടോബർ 2019 )




**Syro-Malabar Major Archiepiscopal Commission for Evangelization and Pastoral Care of the Migrants**